കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നടപടി

45 (2101)ശ്രീമതി എൻ.കെ. രാധ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. വി.കെ .ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ വേണ്ടി കയർ റിസർച്ച് സെന്ററും അക്കാദമിയും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ 3-ാം വാർഷികത്തോടനുബന്ധിച്ച് കയർ മേഖലയിൽ എന്തെല്ലാം വികസനപദ്ധതികൾ ഈ വർഷം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി എത്രപേർക്ക് തൊഴിൽ നൽകാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) കയർ വ്യവസായ പുരോഗതിക്കായി ഒരു റിസർച്ച് സെന്റർ ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കയർ വ്യവസായ വികസനത്തിനായി കയർ റിസർച്ച് സെന്റർ സ്ഥാപിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. വൈവിദ്ധ്യമാർന്ന പുതിയതരം കയറുൽപ്പന്നങ്ങൾ, യന്ത്രങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണം നടത്തുക, കയർ തൊഴിലാളികൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുക എന്നിവയാണ് ഈ സെന്റർ കൊണ്ട് ലക്ഷ്യമാക്കിയിട്ടുള്ളത്.

(ബി) എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന രണ്ട് യൂണിറ്റുകൾ ആലപ്പുഴയിലും ഒരു യൂണിറ്റ് കണ്ണൂരിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയതരം കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പത്ത് യൂണിറ്റുകൾ വീതമുള്ള "4 എക്കോ കയർ വില്ലേജുകൾ" സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉദ്ദേശം 8300 പോർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കയർ വ്യവസായ വികസനത്തിനായി ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ ആലപ്പുഴയിൽ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ട്.

കയർഫെഡിന്റെ പ്രവർത്തനം

46 (2102)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :

LIBRARY ARCHIVES Kerala Legislative Assembly